Sectt. 37. 3/66/2011/20 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കോട്ടയം ജില്ലാ പഞ്ചായത്ത് - 2011-12 – ജനകീയാസൂത്രണ പദ്ധതി - ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിച്ചത് സംബന്ധിച്ച് അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് പരാമർശം - സാധൂകരണം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (എ.സി) വകുപ്പ്

സ.ഉ (സാധാ)നം.225/13/തസ്വഭവ. തിരുവനന്തപുരം, തീയതി: 29.01.2013

പരാമർശം:
1. കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 28.09.12-ലെ ജനറൽ കമ്മിറ്റിയുടെ 7-ാം നമ്പർ തീരുമാനം.
2. കോട്ടയം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 25.10.12, 27.11.12 എന്നീ തീയതികളിലെ ബി4 – 4073/12-ാം നമ്പർ കത്തുകൾ.

## ഉത്തരവ്

കോട്ടയം ജില്ലാ പഞ്ചായത്തിന്റെ 2011-12 ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി എസ്.എൽ.റ്റി.എ.ജി യുടെയും, ഡിപിസി - യുടെയും അംഗീകാരത്തോടെ ജില്ലാ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി രാമപുരത്തും മണർകാട്ടും ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്ന പ്രോജക്റ്റ് നടപ്പിലാക്കുകയുണ്ടായി. എ.ജി യുടെ ഓഡിറ്റിൽ ഗ്രാമപഞ്ചായത്ത് ചെയ്യേണ്ട കാര്യം ജില്ലാ പഞ്ചായത്ത് നേരിട്ട് ഏറ്റെടുക്കാൻ പാടില്ല എന്നും ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചതിലേക്ക് സിഡ്കോയ്ക്ക് നൽകിയ 10 ലക്ഷം രൂപയുടെ ചെലവ് നിയമങ്ങളുടെയും ചട്ടങ്ങളുടെയും ലംഘനമാണെന്നും പരാമർശിച്ചിരുന്നു.

തിരക്കേറിയ രാമപുരം ടൗണിലും മണർകാട് ടൗണിലും നിലവിലുള്ള തെരുവ് വിളക്കുകൾ അപര്യാപ്തമായതിനാൽ ടി പ്രദേശത്തെ വെളിച്ചമില്ലായ്മ പരിഹരിക്കണം എന്നും ടി ലൈറ്റിന്റെ കറന്റ് ചാർജ്, മെയിന്റനൻസ്, തുടർ പരിപാലനം എന്നിവ നടത്താമെന്നും ഗ്രാമ പഞ്ചായത്ത് അറിയിച്ചിരുന്നതിനാലും ടി ഭീമമായ തുക മുടക്കി ടി ലൈറ്റുകൾ സ്ഥാപിക്കുവാൻ ഗ്രാമ പഞ്ചായത്തിന് കഴിവില്ല എന്ന് അറിയിച്ചതിനാലുമാണ് ജില്ലാ പഞ്ചായത്ത് ടി പ്രോജക്റ്റ് ഏറ്റെടുത്തതെന്നും 18.05.07-ലെ ജി.ഒ (എം.എസ്)നം.133/07/എൽ.എസ്.ജി.ഡി സർക്കാർ ഉത്തരവ് പ്രകാരം ടെണ്ടർ നടപടികൾ കൂടാതെ പ്രവൃത്തികളുടെ നിർവ്വഹണം അക്രഡിറ്റഡ് ഏജൻസികളെ ഏല്പിക്കാമെന്നതിന്റെ വെളിച്ചത്തിലുമാണ് ടി പ്രോജക്റ്റ് സിഡ്കോയെ ഏല്പിച്ചതെന്നും ആയതിനാൽ മേൽ പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കിയ നടപടിക്ക് സാധൂകരണം തേടാനുള്ള കോട്ടയം ജില്ലാ പഞ്ചായത്തിന്റെ ജനറൽ കമ്മിറ്റിയുടെ പരാമർശം (1) പ്രകാരമുള്ള തീരുമാന പ്രകാരം കോട്ടയം ജില്ലാ പഞ്ചായത്ത് സെക്രട്ടറി സാധൂകരണത്തിനായി പരാമർശം (2) മുഖേന സർക്കാരിനോട് അപേക്ഷിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഹൈമാസ്റ്റ് ലൈറ്റിന്റെ പ്രവർത്തനം ഇപ്പോൾ വളരെ ഭംഗിയായും ജനോപകാര പ്രദമായിട്ടും നടക്കുന്നുണ്ടെന്ന് കോട്ടയം ജില്ലാ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

പ്രസ്തുത സാഹചര്യത്തിൽ കോട്ടയം ജില്ലാ പഞ്ചായത്തിൽ 2011-12 ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി രാമപുരത്തും മണർകാടും ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിച്ച നടപടിക്കും തുക ചെലവ് ചെയ്തതിനും സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
പി.ജയശ്രീ,
ഡെപ്യൂട്ടി സെക്രട്ടറി.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ), കേരളം, തിരുവനന്തപുരം.
സെക്രട്ടറി, കോട്ടയം ജില്ലാ പഞ്ചായത്ത്, കോട്ടയം
വെബ് & ന്യൂ മീഡിയ സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം. ( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
✓ഐ.കെ.എം, പ്രതീക്ഷ, പാങ്ങപ്പാറ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.